# ജമാ-അത്തെ ഇസ്ലാമിയും ആഎസ് എസും ഇടതുപക്ഷ നിലപാടും

**2011 ഏപ്രിൽ 09**



ജനാധിപത്യക്രമത്തിൽ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന സ്ഥാനാർഥികൾ എല്ലാ പൗരന്മാരോടും തങ്ങൾക്ക് അനുകൂലമായി വോട്ട് രേഖപ്പെടുത്തണമെന്നഭ്യർഥിക്കുന്നത് സ്വാഭാവികവും സാധാരണ വുമാണ്. തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നവരും അവരുമായി ബന്ധപ്പെട്ട പ്രസ്ഥാനങ്ങളും നാടിന്റെ ഭാവിയെക്കുറിച്ചും രാജ്യം നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ചും ജനങ്ങൾക്ക് അവർ വാഗ്ദാനം ചെയ്യുന്ന ഭാവിയെപ്പറ്റിയും വിശദീകരിക്കുന്ന തിരഞ്ഞെടുപ്പ് പ്രകടനപത്രികകൾ പ്രസിദ്ധീകരി ക്കാറുമുണ്ട്.

സ്ഥാനാർഥിയുടെയും ഒരു പ്രസ്ഥാനത്തിന്റെയും നിലപാടുകൾ പ്രകടനപത്രികയിലൂടെ ജനങ്ങളെ അറിയിക്കുകയാണ് തിരഞ്ഞെടുപ്പിൽ ചെയ്യുന്നത്. എന്നാൽ ഒരു സ്ഥാനാർഥിയോ ഒരു പ്രസ്ഥാനമോ വോട്ട് ചോദിക്കുമ്പോൾ ഇന്നവരുടെ മാത്രം വോട്ട് തങ്ങൾക്ക് മതി, ഇന്നവരുടേത് തങ്ങൾക്കാവശ്യമില്ല എന്ന ഒരു നിലപാട് സ്വീകരിക്കാറില്ല.

ജമാ-അത്തെ ഇസ്ലാമി നേതാക്കൾ സി പി എം നേതാക്കളെ കണ്ട് സംസാരിച്ചു എന്ന വാർത്തയെ തുടർന്ന് ഒരു കൃത്യമമായ ചർച്ച ഉയർത്തിവിടുകയാണ് യു ഡി എഫ് പക്ഷപാതികളായ ഒരു വിഭാഗം മാധ്യമങ്ങൾ ചെയ്തത്. തിരഞ്ഞെടുപ്പ് കാലത്ത് വിവിധ തരത്തിലുള്ള സാമൂഹ്യ പ്രസ്ഥാനങ്ങളുടെയും ജാതിമത സംഘടനകളുടെയും പ്രതിനിധികൾ രാഷ്ട്രീയ പാർട്ടികളുടെ നേതൃത്വങ്ങളുമായി ചർച്ച ചെയ്യുന്നതിൽ അസ്വാഭാവികത ഒന്നുമില്ല. അവർ അവരുടെ ആവശ്യങ്ങളും ആഗ്രഹങ്ങളും പ്രതീക്ഷകളും രാഷ്ട്രീയ നേതൃത്വത്തിന് മുന്നിൽ സമർപ്പിക്കാറുണ്ട്. ഈ നടപടി ജനാധിപത്യ പ്രക്രിയയുടെ ഭാഗമായാണ് ഞങ്ങൾ ഇടതുപക്ഷം മനസ്സിലാക്കുന്നത്. അവരുമായി എന്തെങ്കിലും കരാറുകളുണ്ടാക്കുകയോ അവിഹിതമായ ഏതെങ്കിലും വാഗ്ദാനങ്ങൾ നൽകുകയോ ചെയ്തിട്ടില്ലെങ്കിൽ ഈ ചർച്ചകളിൽ രാഷ്ട്രീയ ദുരുദ്ദേശ്യം കൽപ്പിക്കേണ്ടതില്ല. ഇന്ന് രാവിലെ ഒറ്റപ്പാലത്ത് മാധ്യമപ്രവർത്തകർ ജമാ-അത്തെ ഇസ്ലാമിയുമായി സി പി എം കരാർ ഉണ്ടാക്കി എന്ന് ആരോപണം ഉയർന്നിട്ടുണ്ടെന്നും അക്കാര്യത്തിൽ സി പി ഐയുടെ പ്രതികരണം അവർക്കറിയണമെന്നും പറഞ്ഞു. അവരോട് മറുപടി പറയവേ നിങ്ങൾ തന്നെ ആരോപണം, എന്ന് വിളിച്ച സംഭവത്തെക്കുറിച്ച് എന്റെ അഭിപ്രായം അത് ഒരു ആരോപണം മാത്രമാണ് എന്നാണ്. ജമാ-അത്തെ ഇസ്ലാമിയെ എൽ ഡി എഫിൽ ഉൾപ്പെടുത്തുമെന്ന വാഗ്ദാനം ആരും നൽകിയിട്ടില്ല. നിങ്ങളും ആ വസ്തുത ഫലത്തിൽ സമ്മതിക്കുന്നുണ്ട്. ജമാ-അത്തെ ഇസ്ലാമിയുടെ പ്രവർത്തകരോ നേതാക്കളോ ആയി സംസാരിക്കുന്നതിൽ പ്രത്യേകിച്ചൊരു തെറ്റും കാണേണ്ടതില്ല. അവരുടെ വോട്ട് ചോദിക്കുന്നതിലും അവർ വോട്ട് ചെയ്യണമെന്നഭ്യർഥിക്കുന്നതിലും തെറ്റില്ല. ആർ എസ് എസ് പ്രവർത്തകരുടെ വോട്ടും സ്ഥാനാർഥികൾ ചോദിക്കാറുണ്ട്. നമ്മുടെ തിരഞ്ഞെടുപ്പ് പ്രക്രിയയിൽ ഇതൊരു സാധാരണ നടപടിയാണ്. ഏത് വോട്ടിനും അയിത്തം കൽപ്പിക്കേണ്ട കാര്യം സ്ഥാനാർഥികൾക്കില്ല എന്നാണ് വ്യക്തമാക്കിയത്.

പ്രശ്നം വരുന്നത് ജമാ-അത്തെ, ആർ എസ് എസ് നേതാക്കളുമായി ഒരു രാഷ്ട്രീയ ധാരണ ഉണ്ടാക്കാൻ ശ്രമിക്കുമ്പോഴാണ്. അങ്ങനെ ചെയ്താൽ അത് തികച്ചും തെറ്റാണ്.

ഇവിടെ നടന്നു എന്ന് പറയപ്പെടുന്ന ചർച്ചകളിൽ ജമാ-അത്തെ ഇസ്ലാമിയുമായി ഏതെങ്കിലുമൊരു ധാരണയോ നീക്കുപോക്കോ ഉണ്ടായതായി ശത്രുക്കൾപോലും ആരോപിക്കുന്നില്ല. അവരെ എൽ ഡി എഫിന്റെ ഭാഗമാക്കാനുള്ള ഒരു ചർച്ചയും ആരും നടത്തിയിട്ടുമില്ല. ഇത്തരമൊരു സാഹചര്യ

ത്തിൽ സംഭവിക്കാത്ത ഒന്നിനെ കടുത്ത അപരാധമായി വ്യാഖ്യാനിക്കുകയും അതിന് രാഷ്ട്രീയ – താത്വിക ഭാഷ്യങ്ങൾ ചമയ്ക്കുകയും ചെയ്യുന്നത് ശുദ്ധ അസംബന്ധമാണ്.

എല്ലാ മതങ്ങളുടെയും സമുദായങ്ങളുടെയും മഹനീയ പാഠങ്ങൾ അംഗീകരിക്കുന്നവരാണ് ഇടതുപക്ഷ പാർട്ടികൾ. എന്നാൽ മതം പകരുന്ന സഹിഷ്ണുതയുടെയും കാരുണ്യത്തിന്റെയും പാഠങ്ങളെ തമസ്കരിക്കുകയും വർഗീയ തീവ്രവാദത്തിനായി ഉപയോഗിക്കുകയും ചെയ്യുന്ന ഛിദ്ര ശക്തികളെ എക്കാലവും ഇടതുപക്ഷം അകറ്റി നിർത്തുമെന്നത് അനുഭവങ്ങളിലൂടെ വ്യക്ത മായിട്ടുള്ള താണ്. യു ഡി എഫ് ഭരണകാലത്ത് കേരളത്തിൽ വർഗീയ ലഹളകളുണ്ടാവുന്നതും എൽ ഡി എഫ് ഭരണത്തിൽ വർഗീയ കലാപങ്ങളുണ്ടാവാതിരിക്കുന്നതും ഈ നയ വ്യത്യാസം കൊണ്ടാണ്.

വസ്തുതകൾ ഇതായിരിക്കെ ന്യൂനപക്ഷ ഭൂരിപക്ഷ വർഗീയതയെ ദേശീയ തലത്തിലും സംസ്ഥാനതലത്തിലും പരിലാളിക്കുന്ന കോൺഗ്രസിന്റെ കെട്ടുകഥാപ്രചരണത്തിൽ പ്രബുദ്ധരായ ജനത, വീണുപോവുകയില്ലെന്ന് തീർച്ചയാണ്.